9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമസെൽ രൂപീകരിച്ചു.

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തി വയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കി വരുന്നു.

11. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെ സംസ്ഥാനത്ത് ഒരു ജന്തുരോഗ നിയന്ത്രണ മേഖല ആക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

13. മത്സ്യബന്ധനം സംബന്ധിച്ച് ശുപാർശകളും, നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടുനയം രൂപപ്പെടുത്തി.

14. വിനോദ സഞ്ചാരമേഖലയിൽ ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം സ്പിരിച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

70 [2039] ശ്രീ. വർക്കല കഹാർ:
,, ജോർജ് ജെ. മാത്യു:
,, തമ്പാനൂർ രവി:
,, പി. ടി. തോമസ്:
,, കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടത്തിവരുന്നു;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഈ കൃഷിയുടെ പുരോഗതി വിലയിരുത്തുവാൻ സംസ്ഥാനസമിതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമിതി രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ജൈവകൃഷിയിലൂടെ കുരുമുളക്, ശീതകാല പച്ചക്കറികൾ, ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുക, പൊക്കാളികൃഷി ജൈവകൃഷിയായി പ്രോത്സാഹിപ്പിക്കുക എന്നീ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. കൂടാതെ, ജൈവകൃഷി പരിശീലിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വ്യാപിപ്പിക്കുവാനുമായി നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

(ബി) വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ 1500 ഹെക്ടർ സ്ഥലത്ത് കുരുമുളക് വികസന പദ്ധതി പ്രകാരം ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപാദിപ്പിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. 2002-03 സാമ്പത്തിക വർഷവും 2003-04 സാമ്പത്തിക വർഷവും 800 ഹെക്ടർ വീതം സ്ഥലത്ത് കുരുമുളക് കൃഷി ചെയ്തിരുന്നു. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലായി നടപ്പ് സാമ്പത്തിക വർഷം 100 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനസമിതി രൂപീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

കാർഷിക മേഖലയുടെ നവീകരണം

71 [2040] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയുടെ നവീകരണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർക്ക് പ്രയോജനകരമാകത്തക്കവിധം വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2004-2005 സാമ്പത്തിക വർഷത്തിൽ 104.61 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. നെൽകൃഷി, തെങ്ങുകൃഷി, കുരുമുളക് കൃഷി, പൂകൃഷി, ഇഞ്ചി/മഞ്ഞൾ തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങളുടെ വികസനം, കശുമാവ് വികസനം, പച്ചക്കറി കൃഷി, പഴവർഗ്ഗ വികസനം, ഔഷധസസ്യങ്ങളുടെ വികസനം, ചെറുകിട യന്ത്രവൽക്കരണം, ജലസേചനത്തിനായി ഡ്രിപ്പ് ഇറിഗേഷൻ/സ്പ്രിംഗ്കർ ഇറിഗേഷൻ യൂണിറ്റ് സ്ഥാപിക്കൽ, കാർഷിക വിപണനം, വിലസ്ഥിരത നിലനിർത്തൽ, വിപണിയിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കൽ തുടങ്ങിയ പദ്ധതികളിലൂടെ കർഷകർക്ക് നൂതന കാർഷിക സാങ്കേതിക വിദ്യയിൽ പരിശീലനം, ഉൽപാദനോപാധികൾ വാങ്ങാൻ സഹായധനം, വിത്തുൽപ്പാദനത്തിന് സബ്സിഡി, തെങ്ങിൽ മണ്ടരി ബാധക്കെതിരെ മരുന്നടിക്കാൻ സഹായധനം, ജീവാണുവളങ്ങൾ, ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കാൻ സഹായധനം, കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുക, വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭംമൂലം

LIBRARY ARCHIVES Kerala Legislative Assembly